**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** | **12-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ വിവര ശേഖരണത്തിന് ഹോം സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയെക്കുറിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്രമായ വിവരശേഖരണം നടത്തുന്നതിനുള്ള ഹോം സർവേയെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെയും. സങ്കേതങ്ങളുടെയും വ്യക്തികളുടെയും സാമൂഹികവു സാമ്പത്തികവുമായ അവസ്ഥയെക്കുറിച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്രമായ വിവരശേഖരണമാണ് ഹോം സർവ്വേ ലക്ഷ്യമിടുന്നത്. ഓരോ വ്യക്തിയെക്കുറിച്ചു അവരുടെ സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടിനെ കുറിച്ചും പട്ടികജാതി സങ്കേതങ്ങൾ, കുടുംബങ്ങ എന്നിവയുടെയെല്ലാം സമഗ്ര വിവര ശേഖരണം ഇത് വഴി സാധ്യമാകും പട്ടികജാതി സമൂഹത്തിന്റെ സാമ്പത്തിക വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക വികസന പുരോഗതിക്കായി വകു നടപ്പിലാക്കുന്ന വിവിധ പദ്ധതികളു യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക വഴി അവരെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലെയും മുഖ്യധാരയിലേക്ക കൊണ്ടു വന്ന് സർവതോമുഖമായ പുരോഗതി കൈവരിക്കുക എന്ന പരമമായ ലക്ഷ്യമാണ ഹോം സർവ്വേ എന്ന ആശയം മുന്നോട്ട വയ്ക്കുന്നത്. വ്യക്തികൾ, കുടുംബങ്ങൾ സങ്കേതങ്ങൾ എന്നിവ ലക്ഷ്യം വെച്ച് കൊണ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ നൈപുണ്യ വികസന പദ്ധതികൾ സംരംഭകത്വങ്ങൾ, വരുമാനദായക പദ്ധതികൾ എന്നിവ പട്ടികജാതി വിഭാ ജനങ്ങളുടെ സമഗ്രമായ ശാക്തീകരണത്തി ഉണ്ടാക്കിയ സ്വാധീനം നീരീക്ഷിക്കുന്നതിനു |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനും ഉപയോഗിക്കാവുന്<br>തലത്തിലേക്ക് ഒരു ഡേറ്റ ബേസ് സൃഷ്ടിക്കാന്<br>ഹോം സർവ്വേയിലൂടെ ലക്ഷ്യമിടുന്നു. സർവ്വേ<br>വഴി ലഭിക്കുന്ന വിവരങ്ങളുടെ<br>അടിസ്ഥാനത്തിൽ നിലവിലുള്ള നയങ്ങളില്<br>പരിപാടികളിലും ആവശ്യമെങ്കിൽ മാറ്റങ്ങൾ<br>വരുത്തുന്നതിനും, പോരായ്മകൾ തിരിച്ചറിഞ്ഞ<br>അവയ്ക്ക് ഫലപ്രദമായ പരിഹാര<br>കാണുന്നതിനുമുള്ള ഇടപെടലുകൾ<br>നടത്താനും ഇതുവഴി സാദ്ധ്യമാകും<br>പൊതുവിവരങ്ങൾ കുടുംബങ്ങളുടെ വിശദമായ<br>വിവരങ്ങൾ, വീട്ടിലെ സൗകര്യങ്ങൾ, ലഭ്യമായ<br>സേവനങ്ങൾ, പദ്ധതികൾ, കുടിവെള്ളം<br>വിദ്യാഭ്യാസം, ആരോഗ്യാവസ്ഥ, തൊഴിൽ<br>സങ്കേതം കുടുംബത്തിലെ അടിസ്ഥാന<br>സൗകര്യങ്ങൾ തുടങ്ങി സമഗ്രമായ<br>അപഗ്രഥനം സാധ്യമാക്കുന്ന രീതിയിലാണ<br>ഹോം സർവ്വേ ചോദ്യാവലി<br>തയ്യാറാക്കിയിരിക്കുന്നത്. സർവ്വേയ്ക്<br>ആവശ്യമായ സ്ഥിതി വിവരകണക്കുകൾ<br>ശേഖരിക്കുന്നത് വകുപ്പിന് കിഴിലുള്ള<br>പട്ടികജാതി പ്രമോട്ടർമാരാണ്. ഇവരെ<br>കൂടാതെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ<br>അക്രഡിറ്റഡ് എഞ്ചിനീയർമാർ<br>ഓവർസിയർമാർ എന്നിവരും ഫീൽഡ<br>തലത്തിൽ വിവര ശേഖരണത്തെ<br>സഹായിക്കും. ഇങ്ങനെ ശേഖരിക്കുന്ന<br>വിവരങ്ങൾ അപ്പപ്പോൾ തന്നെ പട്ടികജാതി<br>വികസന ഓഫീസർമാർക്കും, ജില്ലാ<br>പട്ടികജാതി വികസന ഓഫീസർമാർക്കും<br>ഡയറക്ടറേറ്റിലെ നിയന്ത്രണ<br>ഉദ്യോഗസ്ഥർക്കും, ഡയറക്ടർക്കു<br>ലഭിക്കുന്നതാണ്. ശേഖരിക്കപ്പെടുന്ന<br>വിവരങ്ങളുടെ വാലിഡേഷൻ പട്ടികജാതി<br>വികസന ഓഫീസർ, ജില്ലാ പട്ടികജാതി<br>വികസന ഓഫീസർ തലങ്ങളിൽ സോഫ്റ്റ<br>വെയറിൽ ഉറപ്പാക്കുന്നതാണ്. |
| (ബി) | സർവേയുടെ പ്രവർത്തനങ്ങളും അതിന്റെ ഗുണമേന്മയും നിരീക്ഷിക്കുവാൻ സംസ്ഥാന-ജില്ലാ തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഹോം സർവ്വേയിൽ ശേഖരിക്കുന്ന വിവരങ്ങൾ സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥരും, ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും കൃത്യമായി നിരീക്ഷിക്കുകയും സർവ്വേയിൽ ശേഖരിച്ച ഡാറ്റയുടെ ഗുണനിലവാരം ഉറപ്പാക്കി സർവ്വേ ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിലെ പട്ടികജാതി പ്രൊമോട്ടർമാർ, കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ, |

| | | | |
|---|---|---|---|
| | | | അക്രഡിറ്റഡ് എഞ്ചിനീയർമാർ എന്നിവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | പാർശ്വവൽക്കൃത ജനവിഭാഗത്തിന്റെ വികസനം പൂർണ്ണമാക്കുന്നതിനും മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനും വികസന പ്രക്രിയയിൽ പട്ടികജാതി ജനസമൂഹത്തെ എത്തിക്കുന്നതിനും ഹോം സർവേ വഴി സാധിക്കുമോ എന്നു വ്യക്തമാക്കുമോ? | (സി) | സർവ്വേ വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നയങ്ങളിലും പരിപാടികളിലും വികസന വിടവുകൾ തിരിച്ചറിഞ്ഞ് മാറ്റങ്ങൾ വരുത്താനും അവയ്ക്ക് ഫലപ്രദമായ പരിഹാരം കാണാനുള്ള ഇടപെടലുകൾ നടത്തുന്നതിലൂടെയും പട്ടികവിഭാഗത്തെ മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം മുഖ്യധാരയിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ